നം. സി.ഇ.ഇ/2424/2009/സി.എ.പി.-2010/റ്റി.എ.1

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

**<u>വിജ്ഞാപനം</u>**

# 2010 ലെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള അവസാന ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

2010 ലെ പ്രൊഫഷണൽ ഡിഗ്രി കോഴ്സ് പ്രവേശനത്തിനുള്ള അവസാന ഘട്ട അലോട്ടുമെന്റിലേയ്ക്ക് നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും റദ്ദ് ചെയ്യുന്നതിനും പുതുതായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിനും 11.10.2010 ന് രാവിലെ 10 മണി മുതൽ 15.10.2010 ന് വൈകുന്നേരം 5 മണി വരെ വിദ്യാർത്ഥികൾക്ക് സൗകര്യം നൽകിയിരുന്നു. നിലവിലുള്ള ഓപ്ഷനുകളുടെ അടിസ്ഥാനത്തിലുള്ള അവസാന ഘട്ട അലോട്ടുമെന്റ് **17.10.2010 (ഞായറാഴ്ച) www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

അലോട്ടുമെന്റിന്റെ വിശദാംശങ്ങൾ വിദ്യാർത്ഥികളുടെ ഹോം പേജിൽ ലഭ്യമാണ്. അവസാന ഘട്ട അലോട്ടുമെന്റ് പ്രകാരം അലോട്ടുമെന്റ് ലഭിച്ച വിദ്യാർത്ഥികൾ **ഒക്ടോബർ 18, 19, 20** തീയതികളിൽ **SBT** യുടെ തെരഞ്ഞെടുത്ത ശാഖകളിൽ ഫീസ്/അധിക ഫീസ് ഒടുക്കിയതിനു ശേഷം **ഒക്ടോബർ 18, 19, 20** തീയതികളിൽ അതത് കോളേജുകളിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്.

അവസാന ഘട്ട അലോട്ടുമെന്റിൽ, ഇടുക്കി അൽ-അസർ കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കോട്ടയം ഗുരുദേവ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് & ടെക്നോളജി, എറണാകുളം ശ്രീ നാരായണ ഗുരു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് & ടെക്നോളജി, കണ്ണൂർ മലബാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, എറണാകുളം ക്രൈസ്റ്റ് നോളഡ്ജ് സിറ്റി എന്നീ പുതിയ കോളേജുകളിലേയ്ക്കും, ആലുവ കെ.എം.ഇ.എ. എഞ്ചിനീയറിംഗ് കോളേജിലും, തൃശൂർ തേജസ് എഞ്ചിനീയറിംഗ് കോളേജിലും പുതിയ കോഴ്സായ മെക്കാനിക്കൽ എഞ്ചിനീയറിംഗിനും ഓപ്ഷനുകൾ സ്വീകരിച്ചെങ്കിലും ബന്ധപ്പെട്ട യൂണിവേഴ്സിറ്റികളിൽ നിന്നും ഔപചാരികമായി അഫിലിയേഷൻ നൽകിയ ഉത്തരവ് ലഭിക്കാത്തതിനാൽ ഈ കോളേജ്/കോഴ്സുകളിലേയ്ക്ക് അലോട്ടുമെന്റ് നടത്തിയിട്ടില്ല.

കോഴിക്കോട് കെ,എം.സി.റ്റി. ആയുർവ്വേദ കോളേജിലേയ്ക്കും, പാലക്കാട് വിഷ്ണു ആയുർവ്വേദ കോളേജിലേയ്ക്കും ബി.എ.എം.എസ്. കോഴ്സിന് ഓപ്ഷൻ സ്വീകരിച്ചിരുന്നുവെങ്കിലും കേന്ദ്രസർക്കാർ, ഡിപ്പാർട്ട്മെന്റ് ഓഫ് ആയുഷിന്റെ അനുവാദം ലഭ്യമല്ലാത്തതിനാൽ ഈ രണ്ട് കോളേജുകളിലേയ്ക്കും അലോട്ടുമെന്റ് നടത്തിയിട്ടില്ല.

കൊല്ലം, ശ്രീ നാരായണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവ്വേദിക് സ്റ്റഡീസ് & റിസർച്ചിലേയ്ക്കുള്ള അലോട്ടുമെന്റ്/അഡ്മിഷൻ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലുള്ള W.P.(C)No.31151/2010 (T) യുടെ അന്തിമവിധിക്ക് വിധേയമായിരിക്കും.

അലോട്ട്മെന്റ് നടപടികളെക്കുറിച്ചുള്ള സംശയനിവാരണത്തിനായി **0471-2115311, 2115312, 2115313, 2115314** എന്നീ ടെലഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
17.10.2010